**No.: DHTVM/1957/2022-EA2**

**"ഭരണഭാഷ – മാതൃഭാഷ"**

**ഹോമിയോപ്പതി ഡയറക്ടറാഫീസ്**

തിരുവനന്തപുരം, തീയതി: 20-01-2025

ഫോൺ: 0471 2470342

ഇ-മെയിൽ: directorhomoeo@kerala.gov.in

**അനുബന്ധം - എച്ച്4**

**നോട്ടീസ്**

[53 (4) -ാം ഖണ്ഡിക നോക്കുക]

ശ്രീ ജോൺ വർഗ്ഗീസ് എം., ക്ലാർക്ക്, ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള 26.06.2023 തീയതിയിലെ ഡിഎച്ച്ടിവിഎം/1957/2022-ഇഎ2 നമ്പർ ചാർജ്ജ് മെമ്മോ 27.06.2023 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ടി ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ **മേൽ വിലാസത്തിലുള്ളയാൾ ഇന്ത്യയ്ക്ക് പുറത്താണ്** എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കി അയച്ചിരിക്കുന്നു. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് അഡ്മിനിസ്ട്രേറ്റീവ്

ഓഫീസർ, ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയം, ഈസ്റ്റ് ഫോർട്ട് പി.ഒ., തിരുവനന്തപുരം - **695023** ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

Signed by Vishnu R
Date: 20-01-2025 17:01:59

Vishnu R KAS

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയം

**ഇന്നാർക്ക്:-** ശ്രീ ജോൺ വർഗീസ് എം.

മേരി ഭവൻ

വെളിയന്നൂർ പി.ഒ., വെള്ളനാട്

തിരുവനന്തപുരം